**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

**2012 മാർച്ച് 20, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**നക്ഷത്രചിഹ്നമിടാത്ത 1677-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2010 മാർച്ച് 10-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1677-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അനുമോദനം**

അന്താരാഷ്ട്ര ക്രിക്കറ്റിൽ നൂറാം സെഞ്ചറി തികച്ച ശ്രീ. സച്ചിൻ രമേശ് ടെൻഡുൽക്കറെ കേരള നിയമസഭയ്ക്കുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ അനുമോദിച്ചു.

## അടിയന്തരപ്രമേയം

### അനീഷ് രാജന്റെ കൊലപാതകം

മി. സ്പീക്കർ : എസ്.എഫ്.ഐ. ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റും നെടുങ്കണ്ടം ഏരിയാ സെക്രട്ടറിയുമായ അനീഷ് രാജനെ ഒരു സംഘം ആളുകൾ നിഷ്ഠൂരമായി കൊലപ്പെടുത്തിയതിനെത്തുടർന്ന് ആ പ്രദേശത്ത് ഉളവായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. കെ. ജയചന്ദ്രൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 18-03-2012-ന് വൈകിട്ട് ആറര മണിയോടെ നെടുങ്കണ്ടം കാമാക്ഷിവിലാസത്തിൽ ശ്രീനിമുത്തുവിന്റെ തട്ടുകട തുറക്കുന്ന സമയത്തെച്ചൊല്ലി കടയുടമയും രൂപേഷുമായി വഴക്കുണ്ടാകുകയും കൂടെയുണ്ടായിരുന്നവരും രൂപേഷും ചേർന്ന് കട അടപ്പിക്കുകയും സി.ഐ.ടി.യു.-ൽപ്പെട്ട തമിഴ് തൊഴിലാളികളായ മൂന്നുപേരെ ദേഹോപദ്രവം ഏൽപ്പിക്കുകയുമുണ്ടായി. വിവരം അറിഞ്ഞ് സംഭവസ്ഥലത്തെത്തിയ മലനാട് പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയൻ ബ്രാഞ്ച് പ്രസിഡന്റ് സിറാജുദ്ദീനും എസ്.എഫ്.ഐ. ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ് അനീഷ് രാജനും സുഹൃത്തുക്കളും ചേർന്ന് പരിക്കേറ്റവരെ ഹോസ്പിറ്റലിലേക്ക് അയയ്ക്കുകയും തുടർന്ന് നെടുങ്കണ്ടത്തേക്ക് പോകാൻ വാഹനം കാത്തുനിന്ന ഇവരുമായി അഭിലാഷ്, രൂപേഷ് എന്നിവർ വാക്കേറ്റം നടത്തുകയും അടിപിടിയുണ്ടാകുകയും രൂപേഷിന്റെ കുത്തേറ്റ് അനീഷ് രാജന്

പരിക്കേൽക്കുകയും നെടുങ്കണ്ടം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽവച്ച് മരണപ്പെടുകയും ചെയ്തു. നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലെ ഒന്നാംപ്രതി ഗുരുതര പരിക്കുകളോടെ ചികിത്സയിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ലെങ്കിലും പോലീസിന്റെ നിരീക്ഷണത്തിലാണ്. രണ്ടാം പ്രതി അഭിലാഷിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിനാസ്പദമായ സാഹചര്യം പ്രത്യേകം പരിശോധിച്ച് കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> അക്രമവും കൊലപാതകവും ആസൂത്രിതമായി സംഘടിപ്പിച്ചതാണ്. പ്രസ്തുത സംഭവത്തിനുമുമ്പ് രൂപേഷ്, അഭിലാഷ് തുടങ്ങിയവർ 10 ബൈക്കുകളിലായി കാമാക്ഷിവിലാസം എസ്റ്റേറ്റിനടുത്ത പ്രദേശത്ത് പലപ്രാവശ്യം വന്നിരുന്നു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റായ അഭിലാഷിന്റെ നേതൃത്വത്തിലാണ് കൊലപാതകം നടന്നിട്ടുള്ളത്. ജോലി കഴിഞ്ഞുപോയവരെയാണ് ആക്രമിച്ചത്. നെടുങ്കണ്ടം എസ്.ഐ. സംഭവ സ്ഥലത്തെത്തി ഇവരെ പിരിച്ചുവിട്ടെങ്കിലും ഇവർ മറഞ്ഞിരിക്കുകയും വീണ്ടും ആക്രമിക്കുകയാണുണ്ടായത്. കോൺഗ്രസ്സിന്റെ പ്രാദേശിക നേതാക്കൾ മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട് തമിഴ് മലയാളി എന്ന നിലയിൽ തോട്ടം തൊഴിലാളികളെ കൈകാര്യം ചെയ്യുകയാണ്. എസ്റ്റേറ്റിൽനിന്നും തൊഴിലാളികളെ തമിഴ്നാട്ടിലേക്ക് ഓടിച്ചുവിടുകയും അവരെ ജോലി ചെയ്യാൻ അനുവദിക്കാതിരിക്കുകയുമാണ്. അഭിലാഷും രൂപേഷും ആ കൂട്ടത്തിൽപ്പെട്ടവരാണ്. ഭരണകക്ഷിയിൽപ്പെട്ട ചില

രുടെ നിർലോഭമായ പിന്തുണ ഇക്കാര്യത്തിലുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് യാതൊരു നിലപാടും സ്വീകരിച്ചിട്ടില്ല. തമിഴ്നാട്ടിൽ നിന്നും വന്ന് എസ്റ്റേറ്റുകളിൽ താമസിക്കുന്ന തൊഴിലാളികൾക്കു നേരെയാണ് ആക്രമണം നടത്തിയിരിക്കുന്നത്. ഇത് രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നമായി ഉയർന്നുവരാൻ സാധ്യതയുള്ളതിനാൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സംഭവം ഗൗരവത്തോടുകൂടി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയം ഒരു വിധത്തിലും തടസ്സമാവില്ല. സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല. അവിടെ ഉണ്ടായ സംഭവങ്ങളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണത്തിന്റെ ഫലമായി ആത്മസംയമനം പാലിക്കാൻ സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി.തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധ ക്ഷണിക്കൽ**

## (1) കേരകർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ചന്ദ്രൻ: കേരളത്തിൽ നാളികേരകൃഷി നശിച്ചുകൊണ്ടിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കുറവും ഉൽപ്പാദനച്ചെലവ് കൂടുതലുമാണ്. ഒരു ക്വിന്റൽ കൊപ്രയ്ക്ക് 5,750 രൂപയും ഉണ്ട കൊപ്രയ്ക്ക് 6,230 രൂപയും താങ്ങുവിലയായി നാളികേര വികസന ബോർഡ് ആവശ്യപ്പെട്ടെങ്കിലും യഥാക്രമം 5,320 രൂപയും 5,100 രൂപയും മാത്രമാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശമനുസരിച്ച് കണക്കാക്കിയിട്ടുള്ള ആദായവിലയനുസരിച്ച് ഒരു തേങ്ങയ്ക്ക് 10.50 രൂപ വില ലഭിക്കണം. കേര വികസന ബോർഡ് ശുപാർശ ചെയ്ത വിലയെങ്കിലും കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച താങ്ങുവിലയും സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശയും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ആ തുക കേര കർഷകർക്ക് സബ്സിഡിയായി ഗവൺമെന്റ് നൽകണം. 2011 നവംബർ മാസത്തിൽ താങ്ങുവില പ്രഖ്യാപിച്ചിട്ടും ഇതുവരെ കൊപ്ര സംഭരിക്കാത്തതിന്റെ ഫലമായി കേരളത്തിൽ മൊത്തം 2500 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കൊപ്ര സംഭരണത്തിന് 18 ഏജൻസികളെ ചുമതലപ്പെടുത്തിയെങ്കിലും ഏജൻസികൾ ഏതാണെന്നോ; എവിടെയാണ് കൊപ്ര സംഭരിക്കുന്നതെന്നോ എന്നുമുതലാണ് കൊപ്ര സംഭരിക്കാൻ ഉദ്ദേശിക്കുന്നതെന്നോ കൃഷിക്കാർക്ക് അറിയില്ല. നാളികേര കൃഷിയുടെ ഉൽപ്പാദനച്ചെലവും മറ്റും വർദ്ധിച്ച സാഹചര്യത്തിൽ താങ്ങുവില ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും പച്ചത്തേങ്ങയോ കൊപ്രയോ സംഭ രിച്ച് പാവപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപടിയുണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : നാളികേര ഉൽപ്പാദനം, മൂല്യവർദ്ധന വിപണി ഇവ ശക്തിപ്പെടുത്തി നാളികേര കൃഷി ലാഭകരമാക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുമായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നാളികേര കർഷകരെ സംരക്ഷിക്കുന്നതി നായി കേന്ദ്രസർക്കാർ അതാതുവർഷം നാളികേര ഉൽപ്പാദനച്ചെലവിനെ ആസ്പദമാക്കി പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്കനുസരിച്ചാണ് നാളികേര സംഭരണം നടത്തുന്നത്. 2012 സീസണിലേക്ക് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റ ലിന് 5,100 രൂപയും ഉണ്ടക്കൊപ്രയ്ക്ക് 5,350 രൂപയും കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിച്ചതനുസരിച്ച് കൊപ്ര സംഭരിക്കുവാൻ സർക്കാർ തീരു മാനിക്കുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സംഭരണത്തിനുള്ള കേന്ദ്ര ഏജൻസിയായ നാഫെഡിന്റെ സംസ്ഥാനതല ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡുമാണ് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിക്കുന്നത്. ഓരോ ജില്ലയിലും ജില്ലാ കള ക്ടർ ചെയർമാനായും സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ കൺവീന റായുമുള്ള ജില്ലാതല കമ്മിറ്റികളാണ് സംഭരണത്തിനായി സംഘങ്ങളെ തെര ഞ്ഞെടുക്കുന്നത്. സഹകരണ സംഘങ്ങൾ കൂടാതെ നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉൽപ്പാദക സംഘങ്ങളെയും കൃഷിവകുപ്പ്, കുടുംബശ്രീ, ജനശ്രീ എന്നിവയുടെ കീഴിലുള്ള കർഷക ക്ലസ്റ്ററുകളേയും ഉൾപ്പെടുത്തി കൊപ്ര സംഭരണം നടത്തുവാൻ നടപടികൾ

സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെയായി കേരഫെഡ് കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളിലായി പത്ത് മെട്രിക് ടൺ കൊപ്ര സംഭരിച്ചുകഴിഞ്ഞു. സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി മാറ്റുവാൻ വേണ്ട സംവിധാനങ്ങളുള്ള സംഘങ്ങളേയും കർഷക കൂട്ടായ്മകളേയും താങ്ങുവില പദ്ധതിയിലുൾപ്പെടുത്തി സംഭരണം ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. പച്ചത്തേങ്ങയടക്കം എല്ലാ ജില്ല കളിൽ നിന്നും എപ്രിൽ 10-നകം സംഭരണം പൂർത്തീകരിക്കും.

## (2) <u>സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സംസ്ഥാനത്ത് നിരവധി സർക്കാർ കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ എന്നിവ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും കരാറുകാരുടെ അനാസ്ഥയും നടപടിക്രമങ്ങളുടെ കാലതാമസവുംമൂലം നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷനും ഫർണിഷിംഗും പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനരഹിതമായതുകൊണ്ട് സർക്കാരിന് ഭീമമായ സാമ്പത്തികനഷ്ടമുണ്ടാകുന്ന സ്ഥിതിയാണുള്ളത്. യഥാസമയം അറ്റകുറ്റപ്പണി നടത്താതെ കെട്ടിടങ്ങൾ നാശോന്മുഖമാകുന്ന അവസ്ഥയ്ക്ക് പ്രായോഗികമായ പരിഹാരം കണ്ടെത്തുകയും സോഷ്യൽ ആഡിറ്റിംഗ് സംവിധാനം നടപ്പിലാക്കുകയും വേണം. പ്രോജക്ടുകളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും പൂർവ്വകാല പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാർക്ക് ലൈസൻസ് പുതുക്കിക്കൊടുക്കാനും നടപടി സ്വീകരിക്കണം.

പണി പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നവരുടെ പക്കൽനിന്നും പിഴ ഈടാക്കാനും പണി പൂർത്തീകരിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നവർക്ക് പുതിയ കരാറുകൾ നൽകാതിരിക്കാനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ അതതു മണ്ഡലങ്ങളിലെ എം.എൽ.എ. മാരുടെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗ് നടത്തി പ്രവർത്തന പുരോഗതി വിലയിരുത്താൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലം എസ്റ്റിമേറ്റ് തുകയിൽ അമിത വർദ്ധനവുണ്ടാകുന്ന കാര്യം പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. പണി പൂർത്തിയാക്കാതെ കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് അതിന്റെ തടസ്സങ്ങളെന്തൊക്കെയാണെന്ന് പരിശോധിക്കുന്നതാണ്. പല വർക്കുകളും വേണ്ടത്ര ഹോംവർക്ക് ചെയ്യാതെയും നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതുകൊണ്ട് തടസ്സങ്ങളുണ്ടാകുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം തുടങ്ങാവൂ എന്ന് കർശനമായ നിർദ്ദേശം കൊടുക്കുന്നതാണ്. സമയബന്ധിതമായി പണി പൂർത്തീകരിക്കുന്ന സ്വകാര്യ/ഗവൺമെന്റ് ഏജൻസികൾക്ക് പ്രത്യേകമായ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കും. ഓരോ എം.എൽ.എ. യുടേയും നേതൃത്വത്തിൽ അതാത് നിയോജകമണ്ഡലങ്ങളിലെ വർക്കുകളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള പീരിയോഡിക്കൽ റിവ്യൂ നടത്താനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്.

## സബ്മിഷൻ

### (1) പോലീസ് ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻ കുട്ടി: വയനാട് ഭാഗത്തെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും താമരശ്ശേരി അടിവാരം പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷൻ ആക്കി ഉയർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കോഴിക്കോട് ജില്ലയിലെ താമരശ്ശേരി അടിവാരം കേന്ദ്രമായി ഒരു പോലീസ് ഔട്ട്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചെങ്കിലും പോലീസ് സേന അടക്കമുള്ള സ്റ്റാഫിനെ നിയമിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഔട്ട് പോസ്റ്റിനാവശ്യമായ തസ്തികകൾ അനുവദിച്ചുകഴിഞ്ഞതിനുശേഷം പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. വയനാട് ഭാഗത്തെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനുവേണ്ടി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

### (2) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ബാബു എം. പാലിശ്ശേരി: ഫയർമാന്മാരുടേയും വാഹനങ്ങളുടേയും അഭാവംമൂലം പരിതാപകരമായ അവസ്ഥയിലായ കുന്നംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ഫയർമാന്മാരെ നിയമിക്കാനും ഒരു ടാങ്കർ ലോറിയും ആവശ്യമായ സംവിധാനങ്ങളും ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള 781 ഫയർമാൻമാരുടെ ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കുന്നംകുളം അഗ്നിശമന രക്ഷാ നിലയത്തിലെ ഫയർമാൻമാരുടെ കുറവ്

നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അവിടെ ഒരു ഫയർമാനേയും രണ്ട് ഹോം ഗാർഡുകളേയും ഉടൻ നിയമിക്കുന്നതാണ്. ഒരു മിനി വാട്ടർ ടാങ്കറും താൽക്കാലികമായി നൽകിയിട്ടുണ്ട്. കുന്നംകുളം അഗ്നിശമന രക്ഷാ നിലയം ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്.

## (3) പോലീസ് മർദ്ദനം

ശ്രീ. കെ. ദാസൻ: 2010-ൽ രാജീവനെയും മാതാവിനെയും വീട്ടിൽ കയറി ആക്രമിച്ച കേസ്സുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാനും സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിച്ച എന്നേയും കൊയിലാണ്ടി നഗരസഭാ ചെയർപേഴ്സണേയും 09-03-2012-ന് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽവച്ച് ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തണം. മർദ്ദനത്തിന് നേതൃത്വം നൽകിയ സി.ഐ.യെ സസ്പെന്റ് ചെയ്യുന്നതിനും സാമൂഹ്യവിരുദ്ധർ കൊയിലാണ്ടിയിൽ നടത്തുന്ന അക്രമങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2010-ൽ രാജീവനെയും മാതാവിനെയും വീട്ടിൽ കയറി ആക്രമിച്ച കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തതിനെത്തുടർന്നുളവായ പ്രശ്നം പരിഹരിക്കാനും സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിച്ച ബഹുമാനപ്പെട്ട അംഗത്തിന് പോലീസ് മർദ്ദനമേറ്റത് സംബന്ധിച്ച് റൂറൽ എസ്.പി.യോട് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പോലീസ് ജീപ്പും

കാറും തകർത്തതിനും ബസ് തീയിട്ട് നശിപ്പിച്ചതിനുമെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭാ സാമാജികനെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിനും നിയമസഭാംഗങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം. മുൻ സർക്കാരിന്റെ കാലത്ത് ഇതുപോലെ കുറ്റാരോപണ വിധേയനായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. നടപ്പുസമ്മേളനം അവസാനിക്കുന്നതിനുമുമ്പ് അന്വേഷിച്ച് യഥാർത്ഥ വസ്തുത സഭയെ അറിയിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. എച്ചുതാനന്ദൻ): ഈ വിഷയത്തിൽ സത്യസന്ധമായ അന്വേഷണം നടത്താനും കുറ്റാരോപിതനായ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യാനും തയ്യാറാകണം.

ശ്രീ. ഉമ്മൻചാണ്ടി : എം.എൽ.എ.യ്ക്ക് പരിക്ക് പറ്റിയിട്ടില്ലെന്ന ആദ്യറിപ്പോർട്ടിന് വിരുദ്ധമായി എം.എൽ.എ.യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും അന്വേഷിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. നടപ്പുസഭാസമ്മേളനം അവസാനിക്കുന്ന 23-ാം തീയതിക്ക് മുമ്പായി അന്വേഷണം പൂർത്തിയാക്കി സഭയിൽ മറുപടി പറയുന്നതാണ്.

## (4) നെൽകർഷകർക്ക് വൈദ്യുതി കണക്ഷൻ

ശ്രീ. മോൻസ് ജോസഫ് : നെൽകർഷകർക്ക് മുൻകാലങ്ങളിൽ സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി കണക്ഷന് ഇപ്പോൾ മുഴുവൻ തുകയും അഡ്വാൻസായി നൽകണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

ഉത്തരവ് പുറപ്പെടുവിച്ചതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർവ്വീസ് ചാർജ് ഈടാക്കുന്നതിനുപകരം കണക്ഷൻ ചാർജ് ഈടാക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം മാറ്റാനുള്ള അധികാരം ബോർഡിനോ ഗവൺമെന്റിനോ ഇല്ല. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ് അടയ്ക്കാനുള്ള തുക അടയ്ക്കുന്നതിനുള്ള സംവിധാനം ചീഫ് സെക്രട്ടറി ഇടപെട്ട് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഡിസ്കണക്ഷൻ ഉണ്ടാവുകയില്ല.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : 2011 – 2012 സാമ്പത്തിക വർഷത്തെ കർഷകർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം എല്ലാ ജില്ലകൾക്കും ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ആഫീസർമാർ മുഖേന അതാത് ഇലക്ട്രിസിറ്റി ബോർഡ് ആഫീസുകളിൽ നൽകിയിട്ടുള്ളതാണ്. 2011 മാർച്ച് മാസംവരെയുള്ള കുടിശ്ശിക തീർക്കുന്നതിന് വൈദ്യുതി ബോർഡ് അറിയിച്ചിട്ടുള്ള കണക്കുകൾ പ്രകാരമുള്ള തുക കൃഷി വകുപ്പിന് നൽകിയതോടൊപ്പം 32 കോടി രൂപകൂടി അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലകൾക്ക് അധികമായി ആവശ്യമുള്ള തുക നൽകുന്നതാണ്.

## (5) പുതിയ താലൂക്ക് സപ്ലൈ ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ തലശ്ശേരി - തളിപ്പറമ്പ് എന്നീ താലൂക്ക് സപ്ലൈ ഓഫീസുകളുടെ കീഴിൽ വരുന്ന മലയോര പ്രദേശങ്ങൾ

കേന്ദ്രീകരിച്ച് ഇരിട്ടി ആസ്ഥാനമാക്കി പുതിയൊരു താലൂക്ക് സപ്ലൈ ഓഫീസ് അനുവദിക്കണം.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കോർപ്പറേഷൻ പരിധികളിൽ സിറ്റി റേഷനിംഗ് ഓഫീസുകളും ഒരു താലൂക്കിൽ ഒരു സപ്ലൈ ഓഫീസുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ ഇരിട്ടി ആസ്ഥാനമാക്കി പുതിയ താലൂക്ക് സപ്ലൈ ഓഫീസ് അനുവദിക്കാൻ നിർവ്വാഹമില്ല.

**(6) പേരാമ്പ്ര ചക്കിട്ടപ്പാറയിൽ പോളിടെക്നിക്ക്**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറയിൽ ഒരു പോളിടെക്നിക്ക് അല്ലെങ്കിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോഴിക്കോട് ജില്ലയിൽ സർക്കാർ മേഖലയിൽ പോളിടെക്നിക്കുകൾ കുറവായതിനാൽ വിദ്യാർത്ഥികൾക്ക് പഠനത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സാമ്പത്തിക ലഭ്യതയനുസരിച്ച് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തോടെ നടപടി സ്വീകരിക്കുന്നതാണ്.

**(7) കോഴിക്കോട് സർവ്വകലാശാലാ ജീവനക്കാർക്കെതിരെയുള്ള നടപടികൾ**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കോഴിക്കോട് സർവ്വകലാശാലയിലെ ജീവനക്കാരെ അകാരണമായി സസ്പെന്റ് ചെയ്ത നടപടിയെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 14-01-2011-ന് കോഴിക്കോട് യൂണിവേഴ്സിറ്റി പരീക്ഷാഭവനുമുന്നിൽ ജീവനക്കാർ തമ്മിലുണ്ടായ അക്രമസംഭവങ്ങളെക്കുറിച്ച് സ്റ്റാഫ് കമ്മിറ്റി വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ കുറ്റക്കാരായി കണ്ടെത്തിയവരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. സർവ്വകലാശാല യിലെ ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാനെത്തിയ വിദ്യാഭ്യാസ മന്ത്രിയെ സ്വീകരിക്കാൻ പുറപ്പെട്ട വൈസ് ചാൻസിലറെ തടഞ്ഞുവച്ച് ആക്ര മിച്ച സംഭവത്തിൽ ഒരു ജീവനക്കാരനെ സസ്പെന്റ് ചെയ്യുകയും മൂന്ന് വനിതാ ജീവനക്കാർ ഉൾപ്പടെ 12 പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. സർവ്വകലാശാല സ്വമേധയാ സമരങ്ങളോ പൊതു യോഗങ്ങളോ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

### (8) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

ശ്രീ. എൻ. ഷംസുദ്ദീൻ : മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ യുടെ വികസനത്തിന്റെ ഭാഗമായി കൂടുതൽ ബസ് സർവ്വീസുകൾ അനുവദി ക്കുന്നതിനും ഡീസൽ ബങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും എ.ടി.ഒ. ഉൾപ്പെടെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്ക ണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്.ശിവകുമാർ) : മണ്ണാർക്കാട് ഡിപ്പോയിൽനിന്നും പ്രതിദിനം ശരാശരി 30 സർവ്വീസുകൾ നട ത്തുന്നുണ്ട്. മണ്ണാർക്കാട് ഡിപ്പോയിലെ ഡീസൽ ബങ്കിന്റെ പണികൾ പൂർത്തി യാക്കി പ്രവർത്തനമാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കു

ന്നതാണ്. ബസ് സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ട് വനിതാ യാത്ര ക്കാർക്കായി ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമകേന്ദ്രത്തിന്റെ പണിയും ഫോർബേ ഗാര്യേജ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളും നടന്നു വരുന്നു. എ.ടി.ഒ.യെ അടിയന്തരമായി നിയമിക്കുന്നതും പുതിയ ബസ്സുകൾ വരുന്ന മുറയ്ക്ക് അനുവദിക്കുന്നതുമാണ്.

## (9) റോഡ് സുരക്ഷാ സംവിധാനങ്ങൾ

ശ്രീമതി കെ.എസ്. സലീഖ : സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധി ക്കുന്നതിനാൽ റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും റോഡ് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളു ന്നതിനും മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെ ടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വിവിധ വകുപ്പുകൾ ചേർന്ന് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നുണ്ട്. 2011 മുതൽ 2020 വരെ റോഡ് സുരക്ഷാ കാലയളവായി നടപ്പാക്കാനും നടപടി സ്വീക രിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഹെവി വാഹനങ്ങളിലും ടിപ്പറുകളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. അമിതവേഗതയിലോടുന്ന വാഹന ങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. മോട്ടോർ വാഹന നിയമങ്ങൾ കർശനമായി പാലിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 17 എൻഫോ ഴ്സ്മെന്റ് സ്ക്വാഡുകൾ സർക്കാർ പുതുതായി രൂപീകരിച്ചിട്ടുണ്ട്. എൻഫോ ഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതും കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന

തുമുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ജനങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കുന്നതോടൊപ്പം വിദ്യാർത്ഥികളിൽ പുതിയൊരു ഗതാഗത സംസ്കാരം വളർത്തിയെടുക്കുന്നതിനായി അടുത്ത അദ്ധ്യയന വർഷം മുതൽ റോഡ് സുരക്ഷ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും മാധ്യമ പ്രവർത്തകരുടേയും അടിയന്തരയോഗം വിളിച്ചുചേർക്കാൻ തീരുമാനമെടുത്തിട്ടുമുണ്ട്.

## (10) ഭൂമിയുടെ ന്യായവില

ശ്രീ. എം. ഉമ്മർ : അന്യായമായി ഭൂമിവില നിശ്ചയിച്ചതുമൂലം വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷനുകളുടെ പരിധിയിൽ വരുന്ന ഭൂമിയുടെ തറവില നിശ്ചയിച്ചുകൊണ്ട് ഇറക്കിയ നോട്ടിഫിക്കേഷനിലെ അപാകതകൾ ഒരു വർഷത്തിനുള്ളിൽ പരിഹരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. തഹസീൽദാർ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ എന്നിവർ ചേർന്ന കമ്മിറ്റി പുന:പരിശോധന നടത്തി ന്യായവില പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും തഹസീൽദാർ, സബ് രജിസ്ട്രാർ എന്നിവരടങ്ങുന്ന പ്രാദേശികതല കമ്മിറ്റി ആലോചിച്ച് വസ്തുവിന് നിശ്ചിതവില നിശ്ചയിക്കേണ്ടതുമാണ്.

## (11) ലാന്റ് അക്വിസിഷൻ നടപടികൾ

ശ്രീ. ജോസഫ് വാഴക്കൻ : മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ശബരി റെയിൽപ്പാത, മൂവാറ്റുപുഴ-മുറിക്കല്ല്-കടാതി ടൗൺ ബൈപ്പാസ്, എം.സി. റോഡിന് സമാന്തരമായി പോകുന്ന മൂവാറ്റുപുഴ-പണ്ടപ്പള്ളി-കൂത്താട്ടുകുളം റോഡിന്റെ വീതികൂട്ടൽ തുടങ്ങിയ പദ്ധതികളിലെ ലാന്റ് അക്വിസിഷൻ നടപടികളിലുള്ള സങ്കീർണ്ണതകൾ പരിഹരിച്ച് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം പൂർത്തിയാക്കാനും സംസ്ഥാനത്ത് നിലനിൽക്കുന്ന എൽ.എ. നടപടിക്രമങ്ങളിൽ ഏകജാലക സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :പൊന്നും വില നടപടിക്രമങ്ങളുടെ സങ്കീർണ്ണത, പൊന്നുംവില നടപടികൾ കൈകാര്യം ചെയ്യുന്നതിലെ ഉദ്യോഗസ്ഥരുടെ കുറവ് തുടങ്ങിയവ പരിഹരിക്കേണ്ടതുണ്ട്. അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കുവേണ്ടി പെരുമ്പാവൂർ, ആലുവ താലൂക്കുകളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചെങ്കിലും റെയിൽവേ ഫണ്ട് അനുവദിക്കാത്തതിനാലും മൂവാറ്റുപുഴ വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ഇതുവരെ സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാലും ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. മൂവാറ്റുപുഴ-മുറിക്കല്ല്-കടാതി ടൗൺ റോഡിനുവേണ്ടിയുള്ള അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില സർവ്വേ നമ്പറുകളിലെ ഭൂമി 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ഈ ഭൂമി ഏറ്റെടുക്കാനുള്ള അനുമതിക്കുള്ള വിശദമായ പ്രൊപ്പോസലിന്മേൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ

നടപടി സ്വീകരിക്കുന്നതാണ്. ഭൂമിയുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വികസന ആവശ്യങ്ങൾക്ക് ഭൂമി വിട്ടുകിട്ടുന്നതിന് ഭൂദാതാക്കൾക്കു കൂടി സ്വീകാര്യമായ നിലപാട് സ്വീകരിക്കുന്നതാണ്. ദേശീയ പാതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഏറെക്കുറെ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

**(12) അംഗൻവാടി ജീവനക്കാരുടെ പെൻഷനും ശമ്പളവും**

ശ്രീ. പി.കെ. ഗുരുദാസൻ : അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പളവും പെൻഷനും വർദ്ധിപ്പിക്കുന്നതിനും ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന പ്രതിമാസ ഓണറേറിയം 2011 ആഗസ്റ്റ് മാസം മുതൽ 1,000 രൂപയായി വർദ്ധിപ്പിച്ചുനൽകാൻ ഉത്തരവായിട്ടുണ്ട്. അംഗൻവാടി ജീവനക്കാർക്ക് കേന്ദ്രഗവൺമെന്റ് നൽകി വന്നിരുന്ന പ്രതിമാസ ഓണറേറിയത്തിൽ വർദ്ധനവ് വരുത്തി 01-04-2011 മുതൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി ആവിഷ്ക്കരിച്ച പെൻഷൻ പദ്ധതിപ്രകാരം 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസ പെൻഷൻ നൽകിവരുന്നത് യഥാക്രമം 750 രൂപയും 550 രൂപയുമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്.

## (13) <u>അഗതി മന്ദിരങ്ങളുടെ സംരക്ഷണം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> മാനസിക രോഗങ്ങൾമൂലം കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ):</u> സംസ്ഥാനത്തെ തെരുവുകളിൽ അലഞ്ഞുതിരിഞ്ഞും ഉപേക്ഷിക്കപ്പെട്ടും കഴിയുന്ന മാനസികരോഗികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നിയന്ത്രണം സംബന്ധിച്ച് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള കരട് ചട്ടം 2012 ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെയും ശ്രീ. തോമസ് ഉണ്ണിയാടന്റെയും സാന്നിദ്ധ്യത്തിൽ യോഗം ചേരാനാണ് ഉദ്ദേശിക്കുന്നത്. ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഇത്തരം സ്ഥാപനങ്ങളെ യഥാവിധി നിയന്ത്രിക്കാനും സംരക്ഷിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (14) <u>ഭാരതപ്പുഴയിലെ തടയണകളുടെ നിർമ്മാണ പ്രവർത്തനം</u>

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : തൃശ്ശൂർ-പാലക്കാട് ജില്ലകളിലെ ജലസേചന-കുടിവെള്ള പദ്ധതികൾക്ക് ഏറെ പ്രയോജനപ്രദമാകുന്ന

ഭാരതപ്പുഴയിലെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി, കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം, ചീരക്കുഴി തടയണകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചെറുതുരുത്തി തടയണയുടെ നിലവിലുള്ള കരാർ റദ്ദ് ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം പണി നടത്തുന്നതാണ്. കൂട്ടിൽമുക്ക് തടയണ നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. പൈങ്കുളം തടയണയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. കൊടപ്പാറക്കയം തടയണയുടെ സ്ഥാനം മാറ്റുന്നതിനുള്ള ഇൻവെസ്റ്റിഗേഷനും ചീരക്കുഴി തടയണയുടെ പുതുക്കിയ എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചുവരികയാണ്. അഞ്ച് തടയണകളുടേയും നിർമ്മാണപ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

## (15) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീമതി ഗീതാ ഗോപി : തീരദേശ-കായലോര മേഖലയായ നാട്ടിക നിയോജകമണ്ഡലത്തിൽ വേനൽക്കാലത്തും മഴക്കാലത്തും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനായി സമഗ്രമായ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): നാട്ടിക സമഗ്ര കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 45 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ തൃശൂർ സംയോജിത വികസന പദ്ധതിയുടെ അടുത്ത വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാല

പ്പഴക്കംചെന്ന പ്രിമോ പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പണിക്ക് എത്രയുംവേഗം അനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഈ പ്രദേശങ്ങളിൽ ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം ശുദ്ധീകരിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

### (16) താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് സംവിധാനം പുനരാരംഭിക്കാനും ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കാനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കാനും സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് സെന്ററിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതാണ്. കൊല്ലം ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽനിന്നും ട്രാൻസ്പോർട്ടേഷൻ വാനുപയോഗിച്ച് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ സംഭരണ യൂണിറ്റിൽ രക്തം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ ഒരു ആംബുലൻസിന്റെ സേവനവും ലഭ്യമാണ്. ഹിന്ദുസ്ഥാൻ ലൈഫ്കെയർ യൂണിറ്റിന്റെ പരിഷ്കരിച്ച പദ്ധതി പ്രകാരം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതാണ്.

### (17) സി.എച്ച്.സി. യെ താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാഹിത

വിഭാഗം ആരംഭിക്കുന്നതിനും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒ.പി., ലബോറട്ടറി, സ്ത്രീകളുടേയും കുട്ടികളുടേയും വാർഡ്, മെയിൽ വാർഡ്, ഫാർമസി, ലേബർ റൂം, ലേബർ വാർഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരം ജീവനക്കാരെ കൂടാതെ എൻ.ആർ.എച്ച്.എം. വഴി രണ്ട് മെഡിക്കൽ ഓഫീസർമാർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരും ജോലി ചെയ്യുന്നുണ്ട്. ഹജ്ജ് യാത്രക്കാരുടെ ക്യാമ്പിനും ഈ ജീവനക്കാരുടെ സേവനം ലഭ്യമാകുന്നുണ്ട്. ഇവിടെ അത്യാഹിത വിഭാഗം തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (18) മാറാരോഗബാധിതരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. പി. ഉബൈദുള്ള: ക്യാൻസർ, ക്ഷയം, കുഷ്ഠം തുടങ്ങിയ മാറാരോഗങ്ങൾ ബാധിച്ചവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കാനുള്ള വാർഷിക വരുമാന പരിധി 20,000 രൂപയായും പെൻഷൻ തുക 1,000 രൂപയായും വർദ്ധിപ്പിക്കുന്നതിനും അർഹരായ മുഴുവൻ ആളുകൾക്കും കാലതാമസം കൂടാതെ പെൻഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ക്യാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ മാറാരോഗം ബാധിച്ചവർക്കുള്ള പെൻഷൻ തുക 525 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റോടുകൂടി വില്ലേജ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാൽ

വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ ധനസഹായം അനുവദിക്കുന്നതാണ്.

(19) ആശാ പ്രവർത്തകരുടെ അലവൻസ് വർദ്ധിപ്പിക്കാൻ നടപടി

ശ്രീമതി പി. അയിഷാ പോറ്റി: സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശാ വർക്കർമാരുടെ അലവൻസ് ആയിരം രൂപയായി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2012–13-ലെ ബഡ്ജറ്റിൽ ആശാവർക്കർമാരുടെ അലവൻസ് 600 രൂപയായി ഉയർത്തിയിട്ടുണ്ട്. 2011 ഏപ്രിൽ 1-ാം തീയതി മുതലുള്ള കുടിശ്ശിക ഈ മാസംതന്നെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(20) വാവ സുരേഷിനെ സംരക്ഷിക്കാൻ നടപടി

ശ്രീ. എം.എ. വാഹീദ്: കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ശാസ്ത്രീയമായി പാമ്പ് പിടിത്തം നടത്തി നാട്ടിനും നാട്ടാർക്കും സുരക്ഷിതത്വം കൊടുക്കുന്ന കൂലിപ്പണിക്കാരനും പട്ടികജാതിക്കാരനുമായ വാവ സുരേഷിനെ വനം വകുപ്പ് ദത്തെടുത്ത് സംരക്ഷിക്കുന്നതിനും അദ്ദേഹത്തിന് ജീവൻരക്ഷാ പഥക് പുരസ്ക്കാരം കൊടുക്കുന്നതിന് ശുപാർശ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : വാവ സുരേഷിനെ വിളിച്ചുവരുത്തി അഭിനന്ദിക്കുകയും ചികിത്സാ ചെലവായി 39,054 രൂപ കൊടുക്കുകയും പാരിതോഷികമായി 10,000 രൂപ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ

ദത്തെടുക്കുന്നതിന് വനം വകുപ്പിന് ബുദ്ധിമുട്ടുണ്ട്. മെഡിക്കൽ ഇൻഷ്വറൻസ് കൊടുക്കാൻ തയ്യാറാണ്. അദ്ദേഹം തയ്യാറാണെങ്കിൽ കോട്ടൂരിൽ സ്ഥാപിക്കുന്ന സ്നേക്ക് റെസ്ക്യൂ സെന്ററിൽ ജോലി കൊടുക്കുന്നതോടൊപ്പം ജനങ്ങൾ ആവശ്യപ്പെട്ടാൽ അവിടെപ്പോയി പാമ്പുകളെ പിടിച്ചുകൊണ്ടുവരുന്നതിനുള്ള സ്വാതന്ത്ര്യംകൂടി കൊടുക്കുന്നതാണ്.

**<u>മേശപ്പുറത്ത് വച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

(1) സബ്ജക്ട് കമ്മിറ്റി VII, IX,എന്നിവയുടെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നുമുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

**ശ്രീ. ആർ. സെൽവരാജിന്റെ രാജി**

ശ്രീ. വി.ഡി. സതീശൻ: നെയ്യാറ്റിൻകര മുൻ എം.എൽ.എ. ശ്രീ. ആർ. സെൽവരാജിന്റെ രാജിയെ സംബന്ധിച്ച് മുൻ സ്പീക്കറും സി.പി.(ഐ.) എം. നേതാവുമായ ശ്രീ. എം. വിജയകുമാർ 14-03-2012-ന് എറണാകുളത്തു വച്ച് നടത്തിയ പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ബ്രീച്ച് ഓഫ് പ്രിവിലേജാണ്. അതുസംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. ആർ സെൽവരാജ് മാർച്ച് 9-ന് രാവിലെ 8.45-ന് ചെയറിന്റെ ഔദ്യോഗിക വസതിയിൽ നേരിട്ട് ഹാജരായി 9-ാം തീയതി മുതൽ തന്റെ നിയമസഭാംഗത്വം രാജി വയ്ക്കുന്ന കത്ത് നിയമസഭാ നടപടി ചട്ടം 169(1) പ്രകാരം നൽകി. നിയമസഭാ നടപടി ചട്ടം 169(2) പ്രകാരം ഒരു അംഗം നേരിട്ടുവന്ന് ചെയറിന് എഴുതിത്തന്ന രാജിക്കത്ത് സ്വീകരിക്കാതിരിക്കാനുള്ള യാതൊരു കാരണവും ഇല്ലാതിരുന്ന സാഹചര്യത്തിൽ അന്ന് ഉച്ചയ്ക്ക് 11.30-ന് ചെയർ പ്രസ്തുത രാജിക്കത്ത് അംഗീകരിക്കുകയും അതിന്റെ നോട്ടിഫിക്കേഷൻ നിയമസഭാ സെക്രട്ടറി പുറപ്പെടുവിക്കുകയുമാണുണ്ടായത്. ഭരണഘടനാനുസൃതമായും ചട്ടപ്രകാരവും ചെയറിൽ നിക്ഷിപ്തമായ ചുമതല നിർവ്വഹിച്ചതിനെയാണ് ശ്രീ. എം. വിജയകുമാർ വിമർശിച്ചിരിക്കുന്നത്. ശ്രീ. ആർ. സെൽവരാജിന്റെ രാജിക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ മാത്രമാണ് ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഇതിനെ വിമർശിക്കുകവഴി സഭാനാഥന്റേയും അതുവഴി സഭയു

ടേയും യശസ്സിന് കളങ്കം ഉണ്ടാക്കുവാനുള്ള മന:പൂർവ്വമായ ശ്രമമാണ് നടന്നത്. സഭയുടെ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ ഇരുന്ന വ്യക്തികൾ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയും സഭാനാഥനേയും അതുവഴി സഭയെയും അവഹേളിക്കുകയും ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും വിരുദ്ധമായ കാര്യങ്ങൾ പ്രസ്താവിക്കുകയും ചെയ്യുന്നത് നിർഭാഗ്യകരമാണ്.

**<u>നിയമനിർമ്മാണകാര്യം</u>**

**<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>**

**(1) <u>2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ</u>**

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : ഈ സഭയിലെ അംഗങ്ങളുടെ ശമ്പളവും അലവൻസുകളും വർദ്ധിപ്പിച്ചത് അഞ്ച് കൊല്ലങ്ങൾക്കുമുമ്പാണ്. അതുകൊണ്ട് ഒരു വർദ്ധനവ് വരേണ്ട സമയമായിരിക്കുന്നു. കേരളത്തിലെ

എം.എൽ.എ. മാരുടെ അലവൻസുകളും ബത്തകളും പാർലമെന്റുമായും മറ്റ് സംസ്ഥാനങ്ങളിലെ നിയമസഭകളുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഇക്കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇരുഭാഗത്തുള്ളവരുമായി ചർച്ചചെയ്ത് യോജിച്ച ഒരു നിർദ്ദേശമാണ് കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**ക്രമപ്രശ്നം**

**ബഡ്ജറ്റ് നിർദ്ദേശങ്ങൾ ചോർന്നത് സംബന്ധിച്ച്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഡ്ജറ്റ് സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് അതിലെ ചില നിർദ്ദേശങ്ങൾ പത്രങ്ങളിൽ വന്നത് ഗൗരവതരമായ പ്രശ്നമാണ്. സത്യപ്രതിജ്ഞാലംഘനം നടത്തിയ ധനകാര്യ വകുപ്പുമന്ത്രിക്ക് ആ സ്ഥാനത്ത് തുടരാൻ അധികാരമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ബഡ്ജറ്റ് നിർദ്ദേശങ്ങളൊന്നും ചോർന്നിട്ടില്ല. ബഡ്ജറ്റുമായി ബന്ധമില്ലാത്ത ചില നിർദ്ദേശങ്ങളായിരുന്നു പത്രങ്ങളിൽ വന്നത്. ബഡ്ജറ്റ് പ്രസംഗവുമായി താരതമ്യം ചെയ്യുമ്പോൾ പത്രറിപ്പോർട്ടുകൾ ശരിയായിരുന്നില്ലെന്ന് കാണാവുന്നതാണ്. പത്രത്തിൽ പറയാത്ത നിരവധി കാര്യങ്ങൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. പെൻഷൻ പ്രായം 56

ആക്കുമെന്നും കൂട്ടവിരമിക്കൽ പിൻവലിക്കുമെന്നുമുള്ള പത്രവാർത്ത ബഡ്ജറ്റ് നിർദ്ദേശമായി വന്നു എന്നാണ് പ്രതിപക്ഷം ചോർച്ചയായി വ്യാഖ്യാനിക്കുന്നത്. ഇത് അടിസ്ഥാനരഹിതമാണ്.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ:</u> ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് ചോർന്നു എന്ന ഒരു നിരീക്ഷണമോ അങ്ങനെയൊരു വാചകമോ ചെയർ പറഞ്ഞിട്ടില്ല. 19–03–2012-ൽ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ ചില നിർദ്ദേശങ്ങൾ പത്രങ്ങളിൽ വാർത്തയായി വന്ന സാഹചര്യത്തിലാണ് ഇക്കാര്യം അന്വേഷിച്ച് സഭയെ അറിയിക്കണമെന്ന് ചെയർ റൂളിംഗിലൂടെ നിർദ്ദേശിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിച്ചതുസംബന്ധിച്ച് വന്ന വാർത്തയിലെയും ബഡ്ജറ്റ് പ്രസംഗത്തിലെയും തുകകൾ വ്യത്യസ്തങ്ങളാണെന്നും പെൻഷൻ പ്രായവർദ്ധന എന്ന നയപരമായ പ്രശ്നമാണ് പത്രത്തിൽ വന്നതെന്നും ഇതിനെ ബഡ്ജറ്റ് ചോർച്ചയായി കണക്കാക്കാൻ കഴിയുകയില്ലെന്നും ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. ഇതിനുമുമ്പും ബഡ്ജറ്റ് അവതരണത്തിനോടനുബന്ധിച്ച് പത്രങ്ങൾ ഇത്തരത്തിലുള്ള വാർത്തകൾ നൽകിയിട്ടുണ്ട്. പ്രസ്തുത വാർത്തകളിലെ ചില കാര്യങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ വന്നിട്ടുമുണ്ട്. 1995 മാർച്ച് 24-ാം തീയതിയും 2006 ജൂൺ 21-ാം തീയതിയും ഇത്തരത്തിലുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് ചോർന്നു എന്ന ആരോപണം സഭയിൽ ഉയർന്നിട്ടുണ്ട്. അതുസംബന്ധിച്ച് നൽകിയ റൂളിംഗുകളിൽ പ്രസ്തുത ആക്ഷേപങ്ങൾ തള്ളിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിലും പത്രറിപ്പോർട്ടിലും ഉൾക്കൊള്ളുന്ന മേൽസൂചിപ്പിച്ച

രണ്ടുകാര്യങ്ങൾ  തികച്ചും യാദൃശ്ചികം മാത്രമാണെന്ന് ചെയർ കരുതുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് ചോർന്നു എന്ന ആരോപണം വസ്തുതാപര മല്ലെന്നും അതിനാൽ തന്നെ നിലനിൽക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യു ന്നു.

<u>ധനകാര്യം</u>

<u>2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യാഥാർത്ഥ്യബോധത്തോടുകൂടിയ, പുരോഗമനപരമായ വീക്ഷണങ്ങളുള്ള ഒരു ബഡ്ജറ്റാണിത്. തകർന്നുകിടന്നിരുന്ന തലസ്ഥാനത്തെ മുഴുവൻ റോഡു കളും ഗതാഗതയോഗ്യമാക്കിത്തീർക്കാനും  കിലോയ്ക്ക് ഒരു രൂപ നിരക്കിൽ ഒരു മാസം 25 കിലോ വീതം അരി നൽകാനും ഈ സർക്കാരിന് കഴിഞ്ഞു വെന്നത് നേട്ടം തന്നെയാണ്. സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നീ വൻകിട പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. അപേക്ഷിക്കുന്ന ദിവസംതന്നെ റേഷൻ കാർഡ് കിട്ടുന്ന സംവിധാനം ഏർപ്പെടുത്താനും ചെങ്ങറ-മൂലമ്പിള്ളി സമരങ്ങൾ ഒത്തുതീർപ്പാക്കാനും  എൻഡോസൾഫാൻ ദുരിതബാധിതർക്ക് സാമ്പത്തിക സഹായം നൽകാനും കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട നേട്ടങ്ങളാണ്. നാല് പുതിയ മെഡിക്കൽ കോളേജുകൾ,  അറുപത് വയ സ്സുതികഞ്ഞ കർഷകർക്ക് പെൻഷൻ തുടങ്ങിയ പ്രഖ്യാപനങ്ങൾ ശ്രദ്ധേയമാ ണ്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടേയും സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിയുള്ള  ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പദ്ധതിയേതര ചെലവ് നടപ്പ് സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ 30 ശതമാനം

വർദ്ധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ദിവസംപോലും ട്രഷറി അടച്ചുപൂട്ടേണ്ടിവരാത്തത് മികച്ച ധനകാര്യ മാനേജുമെന്റ് കൊണ്ടാണ്. 12-ാം പഞ്ചവത്സര പദ്ധതിയിൽ രാജ്യം 9.5 ശതമാനം വളർച്ച കൈവരിക്കുമ്പോൾ കേരളവും രണ്ടക്ക സംഖ്യയുടെ വളർച്ച നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് രൂപീകരിച്ചത് അഭിനന്ദനാർഹമാണ്. ഒരുകോടി രൂപയുടെ പ്രാദേശിക വികസന ഫണ്ടിനുപുറമേ 5 കോടി രൂപവീതം എല്ലാ നിയോജകമണ്ഡലങ്ങളിലും അനുവദിക്കാൻ തീരുമാനിച്ചതും വിഴിഞ്ഞം പദ്ധതിക്ക് 224 കോടി രൂപ വകയിരുത്തിയതും വയനാട്ടിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിച്ചതും സംസ്ഥാനത്ത് ആദ്യമായി ആയുർവ്വേദ സർവ്വകലാശാല കൊണ്ടുവരുന്നതും കൊച്ചി മെട്രോയ്ക്ക് 150 കോടി രൂപ അധികമായി അനുവദിക്കാൻ തീരുമാനിച്ചതും അതിവേഗ റെയിൽ കോറിഡോർ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. എസ്.ആർ.ഐ.പി. അനുസരിച്ച് 1286 കിലോമീറ്റർ അന്തർദ്ദേശീയ നിലവാരമുള്ള പുതിയ റോഡുകൾ ഏറ്റെടുത്ത് 5,100 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിമാനത്താവളം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഇടുക്കി, വയനാട് ജില്ലകളിൽ രണ്ട് ചെറിയവിമാനത്താവളങ്ങളും അടുത്ത വർഷം കൊല്ലം, കോട്ടയം ജില്ലകളിൽ ചെറിയ വിമാനങ്ങൾക്ക്

ഇറങ്ങാനുള്ള സൗകര്യവും ഏർപ്പെടുത്തുന്നത് സ്വാഗതാർഹമാണ്. 3,000 കോടി രൂപ ചെലവ് വരുന്ന മോണോ റെയിൽ തിരുവനന്തപുരത്ത് വരുന്നതിനെ സ്വാഗതം ചെയ്യുന്നു. കാട്ടാക്കട, നെടുമങ്ങാട് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഒരു പുതിയ മോണോ റെയിൽ പദ്ധതികൂടി കൊണ്ടുവരണം. മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതി ആവിഷ്കരിക്കണം. തൊഴിലില്ലായ്മ പരിഹരിക്കാൻ Additional Skill Acquisition Programme (ASAP), Additional Skill Enhancement Programme (ASEP) എന്നീ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ഏഴിന പരിപാടികൾ ആവിഷ്കരിക്കുന്നത് പ്രയോജനകരമാണ്. വിധവകൾക്കും അഗതികൾക്കുമുള്ള പെൻഷൻ, ക്ഷയരോഗികൾക്കും കുഷ്ഠ രോഗികൾക്കും കാൻസർ രോഗികൾക്കുമുള്ള പെൻഷൻ എന്നിവ 525 രൂപയാക്കിയതും വികലാംഗരിൽ വികലാംഗത്വം കൂടുതലുള്ളവരുടെ പെൻഷൻ 700 രൂപയായി ഉയർത്തിയതും 80 വയസ്സ് കഴിഞ്ഞവർക്ക് നൽകുന്ന പെൻഷൻ 900 രൂപയാക്കിയതും അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, യാചക മന്ദിരങ്ങൾ എന്നിവയ്ക്ക് നൽകുന്ന ഗ്രാന്റ് 525 രൂപയാക്കി ഉയർത്തിയതും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വൃക്ക രോഗികൾക്കായി 525 രൂപയുടെ പുതിയ പെൻഷൻ പദ്ധതി രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. റൂറൽ ഏരിയയിലെ പത്രപ്രവർത്തകർക്ക് പുതിയതായി പെൻഷൻ കൊണ്ടുവരുന്ന പദ്ധതി പ്രഖ്യാപിച്ചതും ആശാ വർക്കേഴ്സിന്റെ വേതനം 600 രൂപയാക്കിയതും പ്രീ പ്രൈമറി അദ്ധ്യാപകരുടെ വേതനം 900

രൂപയാക്കിയതും ആയമാരുടെ വേതനം 600 രൂപയാക്കിയതും സ്കൂൾ ഉച്ചഭക്ഷണ തൊഴിലാളികൾക്ക് ഒരു ദിവസം 50 രൂപയുടെ വേതന വർദ്ധനവ് ഏർപ്പെടുത്തിയതും പ്രൊഫഷണൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പാ പലിശ 2004 മുതൽ 2009 വരെയുള്ളത് എഴുതിത്തള്ളുന്നതിനെടുത്ത തീരുമാനവും സർക്കാരിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ഉഴുന്ന്, പയർ, പയറുവർഗ്ഗങ്ങൾ, കടല, മുളക് തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ നികുതി കുറച്ചത് സ്വാഗതാർഹമാണ്. വിളപ്പിൽശാല മാലിന്യ സംസ്കരണ ഫാക്ടറി വന്നതിനുശേഷം അവിടെയുള്ള ജനങ്ങളെ ബാധിച്ച മാരകമായ അസുഖം, പകർച്ചവ്യാധി എന്നിവയെ സംബന്ധിച്ച് പഠനം നടത്തുന്നതിനും അസുഖബാധിതർക്കായി ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിനും സർക്കാർ തയ്യാറാകണം. പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ കാട്ടാക്കടയ്ക്ക് മുൻഗണന നൽകാനും മുസ്ലീം-നാടാർ സമുദായങ്ങളിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വാർഷിക സ്കോളർഷിപ്പ് ആയിരം രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ഡോ. ടി.എം. തോമസ് ഐസക്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രത്തിലും പുറത്തും പറയുന്ന കാര്യങ്ങൾ തെറ്റാണെന്നാണ് ഈ ബഡ്ജറ്റ് രേഖകൾ വ്യക്തമാക്കുന്നത്. സാമ്പത്തിക സർവ്വേയിൽ ഏറ്റവും അവസാനത്തെ വർഷം റെക്കോർഡ് വളർച്ചയാണ് കാണിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവ് ഇരട്ടിയായി ഉയർന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതം കുറഞ്ഞിട്ടും വികസനച്ചെലവ് കൂടുകയും മൂലധനച്ചെലവുകൾ വർദ്ധിക്കുകയും ചെയ്തു.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിൽ നിയമ തടസ്സമില്ലെങ്കിലും അത് ചെയ്യാതിരുന്നത് ഖേദകരമാണ്. ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് വഴിയാക്കിയത് സാമ്പത്തികമായി ദോഷം ചെയ്യും. വലിയ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടു ണ്ടെങ്കിലും അതിന് തുക വകയിരുത്താത്തത് ഖേദകരമാണ്. ഇ.എം.എസ് പാർപ്പിട പദ്ധതിക്ക് സർക്കാർ ഗ്യാരന്റി നിൽക്കാത്തതുകാരണം പഞ്ചായത്തു കൾക്ക് ബാങ്കിംഗ് മേഖലയിൽനിന്നും വായ്പ എടുത്ത് വീട് പണിയുന്നതിന് കഴിയാതെ വരുന്ന അവസ്ഥ കണ്ടില്ലെന്ന് നടിക്കാനാകില്ല. ട്രഷറികളിലെ ഇസ്ലാമിക് ബാങ്ക് വിൻഡോ സമ്പ്രദായം യാഥാർത്ഥ്യമാകണമെങ്കിൽ നികുതി നയത്തിൽ ചില മാറ്റങ്ങൾ വരുത്തണം. ആലപ്പുഴ മാരാരിക്കുളം തെക്ക് പഞ്ചാ യത്തിലെ മാലിന്യ സംസ്ക്കരണ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനായി കുന്നുകൂടിക്കിടക്കുന്ന മണ്ണും ചവറും മഴക്കാലത്തിനുമുമ്പ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യണം. വിളപ്പിൽശാല മാലിന്യ സംസ്ക്കരണ ഫാക്ടറി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം. രാജ്യം നേരിടുന്ന വിലക്കയറ്റം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. 1,100 കോടി രൂപ ജനങ്ങളിൽനിന്ന് പരോക്ഷ നികുതിയിലൂടെ ഈടാക്കാ നുള്ള നീക്കം അംഗീകരിക്കാനാവില്ല. പെൻഷൻ പ്രായം ഏകീകരിച്ചതി ലൂടെ ധാരാളം പ്രയാസങ്ങൾ ഉണ്ടായി എന്നു പറഞ്ഞവർ ഇപ്പോൾ ഒരു വർഷം സർവ്വീസ് നീട്ടിക്കൊടുക്കുന്ന തീരുമാനമാണ് എടുത്തിരിക്കുന്നത്. അദ്ധ്യാപകരുടെ റിട്ടയർമെന്റ് ഇപ്പോഴും അദ്ധ്യയന വർഷത്തിന്റെ അവസാന മാണ്.

ശ്രീ. വി. ഡി. സതീശൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസനോ

ന്മുഖവും കൃഷിക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകുന്നതുമായ ഒരു ബഡ്ജറ്റാണിത്. മെഗാ പ്രോജക്ടുകൾക്ക് വിഹിതം നീക്കിവച്ചുകൊണ്ടും പ്രാദേശികസന്തുലനം നടപ്പിലാക്കിയും സമൂഹത്തിലെ നിരാലംബരായ പാവങ്ങളെ ആശ്വസിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകളിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താത്തതുകൊണ്ടാണ് കാർഷിക മേഖലയിൽ വമ്പിച്ച തകർച്ച ഉണ്ടായത്. ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള റൈസ് ബയോ പാർക്ക്, കോക്കനട്ട് ബയോ പാർക്ക്, പ്രിസിഷൻ ഫാർമിംഗ്, ഗ്രീൻഹൗസ്, സംയോജിത കാർഷിക വികസന പദ്ധതി, സമഗ്ര നാളികേര വികസന പദ്ധതി മുതലായവയിലൂടെ കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉണർവ്വ് പകരാൻ കഴിയുന്നതാണ്. മെട്രോ റെയിൽ, അതിവേഗ റെയിൽവേ കോറിഡോർ, മോണോ റെയിലുകൾ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ മെഗാ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടും വ്യാപാര വണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മാലിന്യ സംസ്കരണത്തിലും ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്തി പുതിയ പദ്ധതികൾ നടപ്പിലാക്കണം. തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടിൽ 25 ശതമാനം വർദ്ധനവുണ്ടായതും കൃഷി, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് കൂടുതൽ പണം നീക്കി വച്ചിട്ടുള്ളതും സ്വാഗതാർഹമാണ്. പെൻഷൻ ഏകീകരണത്തിലൂടെ പരോക്ഷമായി പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നടപടിയാണ് മുൻ സർക്കാർ സ്വീകരിച്ചത്. പെൻഷൻ പ്രായം കൂട്ടിയ

തുമൂലം മാർച്ച് 31-ന് വിരമിക്കുന്ന ജീവനക്കാരുടെ ഒഴിവുകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ആലംബഹീനരെയും സാധാരണക്കാരെയും ആശ്വസിപ്പിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഇ.കെ. വിജയൻ : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ പാവപ്പെട്ടവർക്കും കർഷകർക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. ഈ സർക്കാർ കേരളത്തിലെ കർഷകരെ വീണ്ടും ആത്മഹത്യയിലേക്ക് നയിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ മറവിൽ വിലക്കയറ്റം സൃഷ്ടിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. വിലക്കയറ്റവും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ കടന്നുകയറ്റവും തടയാൻ ബഡ്ജറ്റിൽ യാതൊരു പദ്ധതിയുമില്ല. നെല്ല് സംഭരണം പ്രതിസന്ധിയിലാണ്. കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും നീക്കിവയ്ക്കാതെ ഈ മേഖലയിൽ സ്വകാര്യ സംരംഭകരെ കണ്ടെത്തി പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാനാണ് ശ്രമിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളം വികസന മുരടിപ്പിലേക്ക് നീങ്ങുകയാണ്. നാദാപുരം മണ്ഡലത്തിലെ വികസന കാര്യങ്ങൾക്കായി ബഡ്ജറ്റിൽ തുക നീക്കിവയ്ക്കാത്തത് ഖേദകരമാണ്. പ്രാദേശിക പത്രപ്രവർത്തകരുടെ കൂട്ടത്തിൽ വിഷ്വൽ മീഡിയ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തണം. തൊഴിൽ രഹിതരായ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക്

അടുത്ത നാല് വർഷംകൊണ്ട് എങ്ങനെ തൊഴിൽ നൽകുമെന്നുള്ളത് വ്യക്തമാക്കണം.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കൃഷി, വ്യവസായം, ഗതാഗതം, ആരോഗ്യം, ദുരന്തനിവാരണം, മാലിന്യ നിർമ്മാർജ്ജനം മുതലായ രംഗങ്ങളിൽ പുതിയ ദിശാബോധം നൽകുന്ന ക്രിയാത്മകവും പുരോഗമനാത്മകവുമായ ആശയങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. സംസ്ഥാന വരുമാനത്തിന്റെ നല്ലൊരുഭാഗം ശമ്പളം, പെൻഷൻ, സർക്കാർ വായ്പകളുടെ പലിശ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കുന്നതിനിടയിലും വികസനപ്രവർത്തനങ്ങൾക്ക് വേണ്ടത്ര തുക വകയിരുത്തി സംസ്ഥാനത്തെ രക്ഷിക്കാനുള്ള വ്യക്തമായ കാഴ്പ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മലയാളത്തിന്റെ പ്രിയകവി ഇടശ്ശേരിക്ക് കുറ്റിപ്പുറത്ത് ഒരു സ്മാരകം നിർമ്മിക്കണം. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി നിജപ്പെടുത്തിയത് സ്വാഗതാർഹമാണ്. റൈസ് ബയോപാർക്ക്, ഗ്രീൻ ഹൗസ്, കോക്കനട്ട് ബയോ പാർക്ക് എന്നിവയിലൂടെ പുത്തൻ ആശയ ങ്ങൾ നടപ്പിലാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചിരിക്കുന്നത്. ജൈവകൃഷിക്ക് കൂടുതൽ പരിഗണന നൽകണം. കോട്ടയ്ക്കലിൽ ആയുർവേദ സർവ്വകലാ ശാലയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചതും പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നികുതി ഏർപ്പെടുത്തിയതും തുണിസഞ്ചിയുടെ നികുതി ഒഴിവാക്കിയതും അഭിനന്ദനാർഹമാണ്. കേരളത്തിലേക്ക് വ്യവസായ സംരംഭകരെ കൊണ്ടുവരുന്നതിലൂടെയും പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിലൂടെയും സംസ്ഥാനത്തെ നിക്ഷേപവും തൊഴിൽ സാധ്യതകളും വർദ്ധിക്കും. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനുള്ള നടപടി

ഊർജ്ജിതമാക്കണം. സമസ്ത മേഖലകളിലും ഗുണപരമായ മാറ്റം കൊണ്ടുവരാനുതകുന്ന ബഡ്ജറ്റാണിത്.

<u>ശ്രീ. സി. കെ. നാണു</u> : ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തെ യുവജനസംഘടനകളുടെ അഭിപ്രായം മാനിക്കാതെയാണ് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്. 1,500 കോടി രൂപയുടെ അധിക നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. മുൻ ഗവൺമെന്റിന്റെ കാലത്ത് വടകര മേഖലയിൽ മലബാർ പാക്കേജിന്റെ ഭാഗമായി ജലസേചന പദ്ധതികൾക്കായുള്ള അക്വഡക്റ്റുകൾ പുനർനിർമ്മിക്കുന്നതിന് എടുത്ത തീരുമാനം നടപ്പിലാക്കണം. ജില്ലാ ആശുപത്രിയായി ഉയർത്തിയ വടകര താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം. മലബാർ മേഖലയിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ കെട്ടിടം നിർമ്മിച്ചുനൽകാനും കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങൾക്കുമായി 705 കോടി രൂപ വകയിരുത്തിയത് ഭരണ-പ്രതിപക്ഷ ഭേദമന്യെ എല്ലാവരേയും ഒരുപോലെ കാണുന്നതിന്റെ തെളിവാണ്. നെൽകൃഷി, പച്ചക്കറികൃഷി, നാളികേര കൃഷി ഉൾപ്പെടെയുള്ള മേഖലകളെ വളർത്തിക്കൊണ്ടുവരുന്നതിനും ആ മേഖലകളിൽ ഉത്പാദന വർദ്ധനവുണ്ടാക്കുന്നതിനും കഴിയുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇളനീരിനെ നികുതി വിമുക്തമാക്കണം. പാവപ്പെട്ട ആളുകൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് അധിക വിഭവസമാ

ഹരണത്തിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്ത് വികസന കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായും പാലിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ അണക്കെട്ടിനുതാഴെ പുതിയ സംരക്ഷണ ഡാം സ്ഥാപിക്കുന്നതിനായി 50 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ പാരിസ്ഥിതികാനുമതി അടക്കം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം. ജലവിതരണ പദ്ധതികളിലെ കാലപ്പഴക്കമേറിയ പൈപ്പുകൾ നീക്കം ചെയ്യുന്നതിന് 85 കോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. പഴയ പൈപ്പുകൾ മാറ്റുന്നതോടൊപ്പം പഴക്കം ചെന്ന മോട്ടോറുകളും പമ്പ് സെറ്റുകളുംകൂടി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തീകരണത്തിനാവശ്യമായ തുകകൂടി അനുവദിക്കണം. ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ള നിരവധി പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്ക് ട്രെയിനിംഗ് നൽകുന്ന സ്ഥാപനമായ 'കില' യുടെ രണ്ട് റീജിയണൽ സെന്ററുകൾ കോട്ടയത്തും മലബാറിൽ ഏതെങ്കിലും ഒരു ജില്ലയിലും തുടങ്ങുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിന്റെ പുരോഗതിക്ക് വേഗത കൂട്ടാൻ സാധിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണിത്.

<u>ശ്രീ. എ.എ. അസീസ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ഭൂനികുതി വർദ്ധന സാധാരണക്കാരനെ ദോഷകരമായി ബാധിക്കുന്നതാണ്. തീരദേശ മത്സ്യത്തൊഴിലാളി മേഖലയെ ഈ ബഡ്ജറ്റ് അവഗണിച്ചിരിക്കുകയാണ്. കടൽക്ഷോഭമുണ്ടാകാതിരിക്കാനായി തീരദേശത്ത് പുലിമുട്ടുകൾ സ്ഥാപി

ക്കുന്നതുസംബന്ധിച്ച് ബഡ്ജറ്റിൽ യാതൊന്നും പ്രതിപാദിച്ചിട്ടില്ല. മുൻ ബഡ്ജറ്റിൽ ടോക്കൺ പ്രോവിഷൻ വച്ചിരുന്ന പല പദ്ധതികളും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മയ്യനാട് ആർ.സി.ബി. സ്ഥാപിക്കുന്നതിനും അതിന്റെ പണി ടെന്റർ ചെയ്യുന്നതിനുമാവശ്യമായ തുക വകയിരുത്തണം. കൊല്ലം ജില്ലയെ പൂർണ്ണമായും ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുകയാണ്. കൊല്ലം ജില്ലയിൽ കുണ്ടറയിലെ ടെക്നോപാർക്കിനുവേണ്ടി ബഡ്ജറ്റിൽ തുകയൊന്നും നീക്കിവയ്ക്കാത്തത് ഖേദകരമാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എല്ലാ മണ്ഡലങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഹരിപ്പാട് മോഡൽ ജലവികസന പദ്ധതി നടപ്പാക്കണം. വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ ആ കുടുംബത്തെ സഹായിക്കാൻ വായ്പ തുകയിൽനിന്നും ഒന്നര ലക്ഷം രൂപ ഇളവ് ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയണം. സി.കേശവൻ സ്മാരകത്തെ ഈ ബഡ്ജറ്റിൽ അവഗണിച്ചത് ഖേദകരമാണ്.

ശ്രീ. സി. മമ്മൂട്ടി: ബഡ്ജറ്റനെ അനുകൂലിക്കുന്നു. ജനോപകാര പ്രദമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മൊത്തം ജനങ്ങൾക്കും ഗുണം ലഭിക്കുന്ന രീതിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. ക്ഷേമപെൻഷനുകളെല്ലാം വർദ്ധിപ്പിച്ച നടപടി ശ്രദ്ധേയമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അടിസ്ഥാന വർഗ്ഗത്തിന്റെ വികസനം ലക്ഷ്യമാക്കി എല്ലാ എം.എൽ.എ.മാർക്കും 5 കോടി രൂപവീതം ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. ഹൈടെക് കൃഷിരീതി നടപ്പിലാക്കാനുള്ള തീരുമാനവും 5,000 കോടി രൂപയുടെ റോഡ് വികസന പദ്ധതിയും

റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമവും സ്വാഗതാർഹമാണ്. വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയതും വയനാട്, ഇടുക്കി ജില്ലകളിൽ എയർപോർട്ടുകൾ നിർമ്മിക്കാനുള്ള പ്രഖ്യാപനവും എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള തീരുമാനവും മാലിന്യ വിമുക്ത കേരള പദ്ധതിയും സ്വാഗ താർഹമാണ്. രാജ്യത്ത് പുരോഗതിയുണ്ടാകണമെങ്കിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കാൻ എല്ലാവരും യോജിച്ച് മുന്നോട്ടുപോകണം. ആരോ ഗ്യ-വിദ്യാഭ്യാസ-കാർഷിക-വ്യാവസായിക മേഖലകളിൽ വമ്പിച്ച മാറ്റമുണ്ടാ ക്കുന്ന ബഡ്ജറ്റ് പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീമതി കെ.എസ്. സലീഖ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിലൂടെ സംസ്ഥാനത്തെ 45 ലക്ഷത്തോളം വരുന്ന യുവതീ-യുവാക്കളോട് ഗവൺമെന്റ് കാണിച്ച നീതികേട് അംഗീകരിക്കാൻ കഴിയില്ല. പ്രഖ്യാപനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ മുന്നോട്ടു പോകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വിലക്കയറ്റത്തിന്റെ ദുരന്തം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കാൻ യാതൊരു പദ്ധതിയും പ്രഖ്യാപിക്കാത്തത് ദുഖകരമാണ്. ക്ഷേമപെൻഷനുകളും കരാറുകാർക്ക് കൊടുക്കാനുള്ളതും കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്ക ണം. കഴിഞ്ഞ എൽ.എഡി.എഫ്. ഗവൺമെന്റിന്റെ നിലപാടുകൾമൂലം പാല ക്കാട് ജില്ലയിൽ കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കാൻ സാധിച്ചെങ്കിലും നെല്ല് സംഭരിക്കാനും സംഭരിച്ച നെല്ലിന് പണം ലഭ്യമാക്കാനും കഴിയാത്ത അവ സ്ഥയാണുള്ളത്. നെൽകർഷകന് ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങ ളൊന്നും ബഡ്ജറ്റിലില്ലെന്നത് ഖേദകരമാണ്. കഴിഞ്ഞ എൽ.ഡി.എഫ്.

സർക്കാർ വ്യവസായ വികസന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കർഷക ആത്മഹത്യ, വിലക്കയറ്റം, മരുന്നിന്റെ ദൗർലഭ്യം, ക്രമസമാധാനത്തകർച്ച തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സൂര്യനെല്ലി കേസിലെ പ്രതികൾക്ക് സംരക്ഷണം നൽകുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സഹകരണ മേഖല തകർക്കുകയും സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തെ നശിപ്പിക്കുകയും ചെയ്യുന്ന സമീപനമാണുള്ളത്. കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.ടി. എ. റഹീം:</u> ബഡ്ജറ്റിനെ എതിർക്കുന്നു. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി തന്റേടം ജന്റർ പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കണം. 43 പുതിയ ബാറുകൾകൂടി അനുവദിച്ചുകൊണ്ട് മദ്യപാനം പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. മലബാറിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കണം. ആധുനിക രീതിയിലുള്ള ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. പെൻഷൻ പ്രായം 56 വയസ്സായി വർദ്ധിപ്പിച്ചതുവഴി അദ്ധ്യയന വർഷത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 57 ആയി ഉയരുകയും അടുത്ത ഒരു വർഷം ഒരാൾക്കുപോലും ആ മേഖലയിൽ തൊഴിൽ ലഭിക്കാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്യും.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. റവന്യൂ, ധനക്കമ്മികൾ കുറച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് സ്വാഗതാർഹമാണ്. റവന്യൂ കമ്മി 2015 ആകുമ്പോൾ പൂജ്യം ശതമാനത്തിലേക്ക്

എത്തിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. വിഭവ സമാഹരണത്തിന് 1500 കോടി രൂപ സർക്കാർ പുതിയതായി കണ്ടെത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റ് സംസ്ഥാനത്ത് വിലക്കയറ്റമുണ്ടാക്കുമെന്നുള്ള പ്രതിപക്ഷത്തിന്റെ വാദം ശരിയല്ല. നിത്യോപയോഗ സാധനങ്ങൾക്കുള്ള നികുതി ഒരു ശതമാനമായി കുറച്ച് പാവപ്പെട്ടവരെ സഹായിക്കുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്. ലക്ഷ്വറി കാറുകൾക്കും വിദേശ മദ്യത്തിനും സിഗരറ്റിനും നികുതി ചുമത്തിയതും 'വാറ്റ്' നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചതും സാധാരണക്കാരനെ ബാധിക്കുന്ന വിഷയങ്ങളല്ല. ക്ഷയം - കുഷ്ഠം - ക്യാൻസർ രോഗികളുടേയും അഗതികളുടേയും പെൻഷൻ തുക വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. ബധിരരും മൂകരുമായ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എയിഡഡ് സ്കൂളുകളാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സർക്കാരിന്റെ ജനസമ്പർക്ക പരിപാടി ജനങ്ങളാകെ സ്വാഗതം ചെയ്തിരിക്കുകയാണ്. സംസ്ഥാനത്തെ ആർഭാട വിവാഹങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്ന കാറ്ററിംഗ് സർവ്വീസുകാരിൽനിന്നും നികുതി പിരിക്കാവുന്നതാണ്. നഗരങ്ങളിൽ മാലിന്യമുണ്ടാക്കുന്ന വ്യാപാര-വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾക്ക് സെസ്സ് ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം. വെർട്ടിക്കൽ ഫാമിംഗ് കേരളത്തിൽ ആരം ഭിക്കാനും ഫ്ളാറ്റുകൾ നിർമ്മിച്ച് കൂടുതൽ പേരെ പാർപ്പിക്കാനും ആവശ്യ മായ നടപടി സ്വീകരിക്കണം. നടുമുറ്റത്തോടുകൂടിയ വീടുകൾക്ക് കൂടുതൽ നികുതിയും ഫ്ളാറ്റുകൾക്ക് നികുതിയിളവും അനുവദിക്കണം. വീട്ടുമുറ്റം കോൺക്രീറ്റ് ചെയ്ത് മഴവെള്ളം ഒഴുക്കിക്കളയുകയും കോൺക്രീറ്റ് ടാങ്കു

കൾക്കുള്ളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും ചെയ്യുന്ന കേരളീയ രീതി അവസാനിപ്പിക്കണം. കൈത്തറി ഉല്പന്നങ്ങൾക്ക് ആധുനിക വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം മുണ്ടേരി പക്ഷി സങ്കേതത്തിന് കൂടുതൽ തുക അനുവദിക്കണം. കൊച്ചി മെട്രോ റെയിൽ, സീ പ്ലെയിൻ, എല്ലാ ജില്ലകളിലും എയർസ്ട്രിപ് എന്നിവയ്ക്ക് തുക അനുവദിച്ചത് സ്വാഗതാർഹമാണ്. സംസ്ഥാനത്തെ ദേശീയ പാത നാലുവരിപ്പാതയാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലുടനീളമുള്ള റോഡുകൾ വീതി കൂട്ടുന്നതിനും ആവശ്യമായ ഭൂമി വിട്ടു കിട്ടുന്നതിനും ഫണ്ട് ലഭ്യമാക്കാനും രാഷ്ട്രീയ സമവായം ഉണ്ടാകണം. പെൻഷൻപ്രായം ഉയർത്തിയതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: ബഡ്ജറ്റിനെ എതിർക്കുന്നു. മൂന്നാറിലെ വിനോദ സഞ്ചാരവികസനത്തിനും ആദിവാസി മേഖലയുടെ വികസനത്തിനും ആവശ്യമായ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്തത് ഖേദകരമാണ്. ഇടുക്കി പാക്കേജ് പ്രഖ്യാപനം മാത്രമാണ് ബഡ്ജറ്റിലുള്ളത്. കഴിഞ്ഞ ഗവണ്മെന്റിന്റെ ഓൺഗോയിംഗ് പ്രോഗ്രാമല്ലാതെ മറ്റൊന്നും ഈ ബഡ്ജറ്റിലില്ല. തമിഴ്നാടുമായി നല്ല ബന്ധം നിലനിറുത്തിക്കൊണ്ട് മുല്ലപ്പെരിയാരിൽ പുതിയ ഡാം നിർമ്മിക്കുന്നതിനും തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. മൂന്നാറിലെയും ദേവികുളത്തെയും വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവണ്മെന്റ് ആവിഷ്ക്കരിച്ച പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തീരപ്രദേശങ്ങൾക്കും മലയോര മേഖലയ്ക്കും ഗ്രാമ-നഗര പ്രദേശങ്ങൾക്കും അർഹമായ പരിഗണന നൽകിക്കൊണ്ടുള്ള ഒരു ജനപക്ഷ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ദുർബലജനവിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമായ ക്ഷേമ

പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ള ഈ ബഡ്ജറ്റിനെ കേരള ജനത സ്വാഗതം ചെയ്യും. നാളികേര ഉല്പാദക സംഘങ്ങൾക്കും ഗ്രീൻ ഹൗസുകൾക്കും രൂപം നൽകാൻ തീരുമാനിച്ചത് സ്വാഗതാർഗഹമാണ്. കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചും സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കിയും തൊഴിൽരഹിതരായ യുവാക്കൾക്ക് അവസരങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്. എമർജിംഗ് കേരള എന്ന പേരിൽ ആഗോള നിക്ഷേപകസംഗമം നടത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. 'ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ്' വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് വളരെ സഹായകരമാകും. മലപ്പുറം ജില്ലയിൽ പുതിയ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം. നിർദ്ദിഷ്ട ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് മലപ്പുറത്ത് സ്ഥാപിക്കാൻ നടപടിയുണ്ടാകണം. മദ്യനിരോധനാധികാരം പഞ്ചായത്തുകൾക്ക് തിരികെ ഏല്പിച്ചുകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കണം. കണ്ണൂരിലെ കൊലപാതക രാഷ്ട്രീയത്തിന് ഉത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ജനവിരുദ്ധ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ കൂടുതലുള്ള കേരളത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിച്ച തീരുമാനം പുന:പരിശോധിക്കുകയും ഇക്കാര്യത്തിൽ യുവജന സംഘടനകളുടെ അഭിപ്രായം മാനിക്കുകയും ചെയ്യണം. പല പ്രധാനപ്പെട്ട കേസുകളിലെയും പ്രതികളെ സംരക്ഷിക്കാൻ അന്വേഷണോദ്യോഗസ്ഥരെ മാറ്റുന്നത് ശരിയല്ല. അടിസ്ഥാനപരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും കർഷക

ആത്മഹത്യയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. 2011-12 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ല. പുതിയ തൊഴിലവസരങ്ങളെക്കുറിച്ചോ, ഐ.ടി., ടൂറിസം മേഖലകളുടെ വികസനത്തെ സംബന്ധിച്ചോ ഒരു പ്രഖ്യാപനവുമില്ല. ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതിക്കുവേണ്ടി തുക മാറ്റിവയ്ക്കണം. അമിത നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണിത്. സ്വർണ്ണക്കച്ചവടക്കാരിൽനിന്നും നികുതി പിരിക്കുന്നത് സംബന്ധിച്ച് യാതൊന്നും പ്രതിപാദിച്ചിട്ടില്ല. റോഡ് വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികൾ പുനരുജ്ജീവിപ്പിക്കണം. 'ഹൈസ്പീഡ് റെയിൽ കോറിഡോർ' പദ്ധതി അടിയന്തരമായി നടപ്പാക്കണം. ഇ. മൊയ്തുമൗലവിയുടെ സ്മാരകത്തിനുവേണ്ടി ഫണ്ട് അനുവദിക്കണം.

<u>ശ്രീ. പി.സി. ജോർജ്</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ചിന്തകനും സാഹിത്യകാരനുമായ എം.എൻ. വിജയൻ മാസ്റ്റർക്ക് സ്മാരകം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കണം. വിദ്യാഭ്യാസ വായ്പയുടെ പലിശ മുഴുവൻ എഴുതിത്തള്ളണം. കണ്ണൂരിൽ ഷുക്കൂറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്യണം. മദ്യത്തിന്റേയും ലഹരി വസ്തുക്കളുടേയും വില വർദ്ധിപ്പിക്കുകയും ഹൃദയ ചികിത്സയ്ക്കുള്ള ചെലവ് കുറയ്ക്കുകയും ചെയ്ത സർക്കാർ നിലപാട് ശ്ലാഘനീയമാണ്. സംസ്ഥാനത്ത് ക്രമസമാധാനം സംരക്ഷിക്കാനുതകുന്നതും സമസ്ത മേഖലയിലെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് നടന്ന കർഷക ആത്മഹത്യകളെ സംബന്ധിച്ച് യാതൊന്നും ബഡ്ജറ്റിൽ പ്രതിപാദിച്ചുകാണുന്നില്ല. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളെക്കുറിച്ചാണ് ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഗ്രീൻ ഹൗസുകൾ പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ നടപ്പാക്കുന്നതെന്ന് സർക്കാർ വ്യക്തമാക്കണം. കേരളത്തിൽ നാളികേര പാർക്കും റൈസ് പാർക്കും നിലവിലുണ്ട്. ഹൈ ബ്രീഡ് വിത്ത് കേരളത്തിൽ പലയിടത്തും പരീക്ഷണ യോഗ്യമല്ലെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ തനതു വിത്തുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വരുമാനം 50 ശതമാനം വർദ്ധിപ്പിക്കാനും കർഷകന്റെ ജീവിതം മെച്ചപ്പെടുത്താനും കൃഷിയിൽത്തന്നെ നിൽക്കാവുന്ന മാനസികാന്തരീക്ഷമുണ്ടാക്കാനും വേണ്ട നയങ്ങൾക്കുപകരം പരീക്ഷിച്ച് പരാജയപ്പെട്ട കാര്യങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. ഹൈടെക് ടെക്നോളജി ഉപയോഗിച്ച് 120 ഹെക്ടറിലൂടെ കേരളത്തിന് ആവശ്യമുള്ള പച്ചക്കറിയുണ്ടാക്കാൻ കഴിയുമെന്ന നിഗമനത്തിലെത്തിയത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കണം. കേരളത്തിലെ എല്ലാ മണ്ഡലങ്ങളെയും ഒരുപോലെ പരിഗണിച്ചിട്ടില്ല എന്നത് ബഡ്ജറ്റിന്റെ പോരായ്മയാണ്. ഫിഷറീസ് രംഗത്ത് കാര്യമായി ഒന്നും വകകൊള്ളിച്ചിട്ടില്ല. പ്രകൃതിയെ സംരക്ഷിക്കാനും കർഷക ആത്മഹത്യ ഇല്ലാതാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ വികസനോന്മുഖമായ പാതയിലൂടെ പുരോഗതിയിലേക്ക്

നയിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. മത്സ്യബന്ധന മേഖലയ്ക്ക് കഴിഞ്ഞ സർക്കാർ വകയിരുത്തിയതിന്റെ ഇരട്ടി യിലധികം തുക ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ സസ്റ്റെയ്നബിൾ ഫിഷറീസ് ഗ്രാമം പദ്ധതിയിൽ ഈ വർഷം ഓരോ പഞ്ചായത്തിലേക്കും ലഭിച്ച **400-ഓളം** വീടുകളുടെ പണി ആരംഭിച്ച നടപടി ശ്രദ്ധേയമാണ്. 5 വർഷംകൊണ്ട് കേന്ദ്ര സഹായത്തോ ടുകൂടി കേരളത്തിലെ 11 ഗ്രാമങ്ങൾ സ്വയംപര്യാപ്തതയിലേക്ക് പോകുകയാ ണ്. മത്സ്യത്തൊഴിലാളികളെ കൊലപ്പെടുത്തിയ ഇറ്റാലിയൻ കപ്പലിലെ നാവികർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ പ്രതിബദ്ധതയോടുകൂടി സർക്കാർ പ്രവർത്തിക്കുന്നത് അഭിനന്ദനാർഹമാണ്. അർഹിക്കുന്നവർക്ക് ആനുകൂല്യം നൽകുക എന്നതാണ് ഗവൺമെന്റിന്റെ നയം. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിക്കുകയും തീരദേശത്തോട് നീതി കാട്ടുകയും ചെയ്ത സർക്കാരാണിത്. സംസ്ഥാനത്തെ കുടിവെള്ളപദ്ധതി കൾ സമയബന്ധിതമായി പൂർത്തിയാക്കാനും ട്രാവൽ ടൂറിസം വഴി ടൂറിസത്തിന്റെ സാധ്യത വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. സുനാമി ദുരിതാശ്വാസ ഫണ്ട് പൂർണ്ണമായും ചെലവഴിക്കപ്പെടണം. കൊങ്കണി സാഹിത്യ അക്കാദമിക്കും കൊച്ചിയിലെ മേഴ്സിക്കുട്ടൻ അക്കാദമിക്കും ആവശ്യമായ ഫണ്ട് വകയിരുത്തണം. സീനിയർ പത്രപ്രവർത്തകരുടെ പെൻഷൻ തുക മിനിമം 5000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. വിദ്യാ ഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ള അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ പഠി ക്കുന്ന നിലവിലുള്ള അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് വിഭാഗത്തിലേക്ക് മാറ്റിയ നടപടി അവശ വിഭാഗങ്ങളെ അംഗീകരിക്കാനുള്ള

ഗവൺമെന്റിന്റെ സമീപനമാണ് തെളിയിക്കുന്നത്. ശാസ്ത്രീയ പഠനം നടത്തി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമേ കടൽത്തീരത്ത് പുലിമുട്ട് നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗവൺമെന്റ് മദ്യവില വർദ്ധിപ്പിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തിയതുവഴി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ പെൻഷൻ ഏകീകരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാൻ സാധിക്കും. തൊഴിലവസരങ്ങൾ ഇതുമൂലം നഷ്ടപ്പെടുകയുമില്ലെന്നതും ശ്രദ്ധേയമാണ്. . പ്രതിഷേധിക്കാനുള്ള അവകാശം മുതലെടുത്ത് കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത് നിയമപരമായി നേരിണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ വികസന മുരടിപ്പിന് നേതൃത്വം കൊടുക്കുന്ന ഒരു ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. കോടിക്കണക്കിന് രൂപ വായ്പയെടുക്കാനുള്ള അവസരമാണ് ഈ ബഡ്ജറ്റിലൂടെ ഇല്ലാതായിരിക്കുന്നത്. യു.ഡി.എഫ്. പുറത്തിറക്കിയ ധവളപത്രം തെറ്റാണെന്ന് ഈ ബഡ്ജറ്റും രേഖകളും വെളിപ്പെടുത്തുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഇൻഡ്യയിൽ തൊഴിലില്ലായ്മാ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ പി.എസ്.സി. അനുവദിക്കുന്നില്ലെന്ന യു.ഡി.എഫ്. വാദം ശരിയല്ല. പി.എസ്.സി. യുടെ 138 റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരാളെപ്പോലും നിയമിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. തസ്തികകൾ വെട്ടിക്കുറയ്ക്കാൻവേണ്ടി വിദഗ്ദ്ധ സമിതിയെ നിയോഗിച്ച ഗവൺമെന്റാണിത്. എം.ജി.പി. നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിലെ സിവിൽ സർവ്വീസ് ഡൗൺസൈസ് ചെയ്യാൻ നേതൃത്വം കൊടുത്ത കഴിഞ്ഞ

യു.ഡി.എഫ്. ഗവൺമെന്റിന്റെ തുടർച്ചയായാണ് ഈ സമീപനം സ്വീകരിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളെ മാസങ്ങൾ കഴിഞ്ഞിട്ടും നിയമിച്ചിട്ടില്ല. പെൻഷൻ പ്രായം 56 ആയി ഉയർത്തി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുമെന്ന് പറയുന്നത് കേരളത്തിലെ യുവജനങ്ങളെ വഞ്ചിക്കലാണ്. കാർഷിക മേഖലയെ നശിപ്പിച്ച് കോർപ്പറേറ്റുകൾക്ക് കൈമാറുവാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷക ആത്മഹത്യകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ എങ്ങനെയാണ് ഹൈടെക് കൃഷി വികസിപ്പിക്കാൻ സാധിക്കുമെന്നുള്ളതും നിയോജകമണ്ഡലങ്ങൾക്കുള്ള ആസ്തി വികസന ഫണ്ടായ അഞ്ച് കോടി രൂപയിൽ എം.എൽ.എ. മാർക്ക് പ്രയോറിറ്റിക്കനുസരിച്ച് വികസന പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ അനുവാദമുണ്ടോയെന്നുള്ളതും വ്യക്തമാക്കണം. കേരളത്തിലെ വികസന കുതിപ്പിന് സാധ്യതയുള്ള 40,000 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്ന അൽബറാക്ക് ബാങ്കിനോടുള്ള മുസ്ലീം ലീഗിന്റെ സമീപനമെന്താണെന്ന് വ്യക്തമാക്കണം.

സഭ വൈകുന്നേരം **5.14**-ന് പിരിഞ്ഞു.

************